**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1045** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാഠപുസ്തക വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2026-27 അധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിൽ ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൈകാൻ കാരണമായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u> 2026-27 അധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ വിതരണം 2026 ഫെബ്രുവരി മാസം തന്നെ ആരംഭിച്ചിരുന്നു. സ്കൂൾ തുറക്കുന്നതിനുമുമ്പ് തന്നെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ പാഠപുസ്തക വിതരണത്തിൽ കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.**

**(ബി)** ഈ അധ്യയനവർഷത്തിൽ പാഠപുസ്തക വിതരണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u> 2026-27 അധ്യയന വർഷത്തെ പാഠപുസ്തകവിതരണത്തിന്റെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് ചുവടെച്ചേർക്കുന്നു.**

| ക്രമനം. | ജില്ല | വിതരണം ചെയ്ത എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 2363355 |
| 2. | കൊല്ലം | 1788525 |
| 3. | കോട്ടയം | 1112448 |
| 4. | പത്തനംതിട്ട | 695687 |
| 5. | ആലപ്പുഴ | 1427904 |
| 6. | ഇടുക്കി | 754918 |
| 7. | എറണാകുളം | 2131013 |

| | | |
|---|---|---|
| 8. | തൃശ്ശൂർ | 2499051 |
| 9. | പാലക്കാട് | 2943586 |
| 10. | മലപ്പുറം | 6676682 |
| 11. | കോഴിക്കോട് | 3423789 |
| 12. | വയനാട് | 915568 |
| 13. | കണ്ണൂർ | 2684076 |
| 14. | കാസർഗോഡ് | 1618409 |

**സെക്ഷൻ ഓഫീസർ**